# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2282 | 05.02.2018 - ൽ മറുപടിയ്ക്ക് |
|---|---|

### എം.ആർ.പി. രേഖപ്പെടുത്തിയ വസ്തുക്കളുടെ ജി.എസ്.ടി.

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം. രാജഗോപാലൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം, നേരത്തെ എം.ആർ.പി. രേഖപ്പെടുത്തിയിരുന്ന വസ്തുക്കൾക്ക് ജി.എസ്.ടി. കൂടി ചേർത്ത് വിലയീടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | നികുതിയ്ക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിനു കൈമാറണം എന്ന വ്യവസ്ഥയോടെയാണ് പുതിയ നികുതി നിയമം നടപ്പിലായതെങ്കിലും ഭൂരിപക്ഷം ഉല്പാദകരും മൊത്ത വ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിനു നല്കിയിട്ടില്ല എന്ന കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് മുൻകൂട്ടി കണ്ടു കൊണ്ടാണ് Anti Profiteering clause വേണമെന്ന ശക്തമായ നിലപാട് സംസ്ഥാനം കൗൺസിലിൽ സ്വീകരിച്ചത്. ജി.എസ്.ടി യുടെ മറവിൽ കൊള്ളലാഭം തടയുന്നതിന്റെ ഭാഗമായി ജി.എസ്.ടി നിയമത്തിൽ പറഞ്ഞിരിക്കുന്ന ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി കേന്ദ്രഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ട്. ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യവും അതിനനുസരിച്ചുള്ള വിലക്കുറവും ഉപഭോക്താവിനു നൽകിയില്ലെങ്കിൽ ആ ആനുപാതികമായ തുക വില്പന നടന്ന ദിവസം മുതൽ മടക്കിക്കൊടുക്കുന്ന ദിവസം വരെ 18% പലിശ നിരക്കിൽ നൽകാൻ ഉത്തരവിടാനുള്ള അധികാരം അതോറിറ്റിക്കുണ്ട്. ഇതിനുപുറമേ |
| (ബി) | അധികം വാങ്ങിയ നികുതി കച്ചവടക്കാർക്കുതന്നെ റീ-ഇംബേഴ്സ് ചെയ്തു നൽകുകയും ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാനും പിഴ ചുമത്താനുമുള്ള അധികാരവും അതോറിറ്റിക്കുണ്ട്. സംസ്ഥാനത്ത് സ്ക്രീനിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. അതിൽ സി.ജി.എസ്.ടി.യുടെ മെമ്പറും എസ്.ജി.എസ്.ടി യുടെ മെമ്പറും ഉൾപ്പെടുന്നു. പൊതുജനങ്ങളിൽ നിന്നും മറ്റും ലഭിക്കുന്ന പരാതി സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ചശേഷം കഴമ്പുണ്ടെങ്കിൽ ആന്റീ പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറും. തുടർ നടപടി സ്വീകരിക്കുന്നത് ആന്റീ പ്രോഫിറ്റീറിംഗ് അതോറിറ്റിയാണ്. കേന്ദ്ര അതോറിറ്റി രൂപീകരിക്കുന്നതിലും പ്രവർത്തനക്ഷമമാകുന്നതിലും കാലതാമസം നേരിട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ, പ്രസ്തുത നിയമം ഫലപ്രദമായി നടപ്പിലാക്കിയാൽ ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടുവാൻ സാധ്യതയില്ല എന്നു കരുതാം. |

**സെക്ഷൻ ഓഫീസർ**